## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2283

18.12.2012-ലെ മറുപടിയ്ക്ക്

### സഹകരണ വിജിലൻസ് ഡിപ്പാർട്ട്മെന്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ഹംസ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ വകുപ്പിൽ വിജിലൻസ് സംവിധാനം നിലവിലുണ്ടോ; അതിൽ എത്ര പോലീസ് ഓഫീസർമാരാണുള്ളത്; എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു; | (എ) സഹകരണ വകുപ്പിൽ വിജിലൻസ് സംവിധാനം നിലവിൽ ഉണ്ട്. അതിൽ 19 പോലീസ് ഓഫീസർമാരാണുള്ളത്. ഡി.ഐ.ജി/വിജിലൻസ് ഓഫീസറുടെ തസ്തിക ഉൾപ്പെടെ 5 തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. |
| (ബി) വകുപ്പിലെ ജീവനക്കാരുടെ എണ്ണം, ഒഴിവുള്ള തസ്തികകൾ, ഒഴിവുകൾ നികത്തുവാൻ സ്വീകരിച്ച നടപടികൾ എന്നിവ വിശദമാക്കുമോ; | (ബി) സഹകരണ വിജിലൻസ് വിഭാഗത്തിൽ സഹകരണ വകുപ്പിൽ നിന്നും പോലീസ് വകുപ്പിൽ നിന്നുമായി ആകെ 39 തസ്തികകളാണുള്ളത്. ഇതിൽ പോലീസ് ഉദ്യോഗസ്ഥരുടെ 5 തസ്തികകൾ ഇപ്പോൾ ഒഴിഞ്ഞുകിടക്കയാണ്. ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) സഹകരണ വിജിലൻസ് ഡിപ്പാർട്ട്മെന്റ് ഏതു വർഷമാണ് പ്രവർത്തനം തുടങ്ങിയത്; പ്രസ്തുത ഡിപ്പാർട്ട്മെന്റിന് മാത്രമായി എത്ര വാഹനങ്ങൾ ഉണ്ട്; | (സി) സഹകരണ വിജിലൻസ് സംവിധാനം 14.8.2008 മുതലാണ് പ്രവർത്തനം ആരംഭിച്ചത്. വിജിലൻസ് വിഭാഗത്തിന് മാത്രമായി 8 വാഹനങ്ങളാണുള്ളത്. |

(ഡി) വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ 2011 ന് ശേഷമുള്ള പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

(ഡി) അന്വേഷണത്തിനായി നൽകിയ ഫയലുകളിന്മേൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് കാലതാമസം വരുത്തുന്നതുകൊണ്ടും അന്വേഷണത്തിനായി നൽകുന്ന ഫയലുകളിൽ തിരികെ റിപ്പോർട്ട് നൽകുന്നതിൽ ഉള്ള എണ്ണം കുറവായതുകൊണ്ടും ടി വിഭാഗത്തിന്റെ പ്രവർത്തനം തൃപ്തികരമല്ല. മാത്രമല്ല ഭൂരിഭാഗം അന്വേഷണ റിപ്പോർട്ടിലും പരാതിയിലെ ആരോപണങ്ങൾ തെളിയിക്കപ്പെട്ടുവാൻ ആവശ്യമായ തെളിവുകൾ ഇല്ലെന്നും ആയതിനാൽ അനന്തര നടപടികൾ ആവശ്യമില്ലെന്നുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ആയതിനാൽ വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം കൂട്ടുതൽ ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ